## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3067** — **21/08/2017-ൽ മറുപടി നൽകേണ്ടിയിരുന്നത്**

### ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീടുനിർമ്മാണം

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലൈഫ് മിഷനിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഓരോ വർഷവും എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ പ്രാരംഭ സർവ്വെയും മറ്റ് നടപടികളും പൂർത്തിയായോ എന്നും വ്യക്തമാക്കാമോ; | (എ) | ഗുണഭോക്തൃ സാദ്ധ്യതാ കരട് ലിസ്റ്റ് തദ്ദേശ സ്ഥാപനതലത്തിൽ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ നടപടികൾ നടന്നുവരുന്നു. രണ്ട് ഘട്ട അപ്പീൽ നടപടികളും കഴിഞ്ഞ് ഗ്രാമസഭ അംഗീകരിച്ചതിനുശേഷം മാത്രമേ അന്തിമ ഗുണഭോക്തൃ പട്ടിക ആവുകയുള്ളൂ. അന്തിമപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ. |
| (ബി) | സ്ഥലം ഉണ്ടെങ്കിലും വീട് ഇല്ലാത്തവരും വീടും സ്ഥലവും ഇല്ലാത്തവരുമായി സംസ്ഥാനത്ത് എത്ര കുടുംബങ്ങൾ വീതം ഉണ്ടെന്ന് അറിയിക്കുമോ; | (ബി) | കുടുംബശ്രീ നടത്തിയ സർവ്വേയിൽ കരട് സാദ്ധ്യതാ ലിസ്റ്റിൽ ഭവനരഹിതരായി 5,06,904 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 3,73,138 ഭൂരഹിത ഭവനരഹിതരും 1,33,766 ഭൂമിയുള്ള ഭവനരഹിതരുമാണുള്ളത്. എന്നാൽ അന്തിമ ഗുണഭോക്തൃപട്ടിക ആയാൽ മാത്രമേ സംസ്ഥാനതലത്തിലുള്ള യഥാർത്ഥ കണക്ക് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അപ്പീൽ നടപടികൾ നടന്നുവരുന്നു. രണ്ട് ഘട്ട അപ്പീൽ നടപടികളും കഴിഞ്ഞ് ഗ്രാമസഭ അംഗീകരിച്ചതിനുശേഷം മാത്രമേ അന്തിമ ഗുണഭോക്തൃപട്ടിക ആവുകയുള്ളൂ. |
| (സി) | ആദ്യ വർഷം ഓരോ പഞ്ചായത്തുകൾക്കും, വീടിനുള്ള ക്വാട്ടയും ഗുണഭോക്താക്കളെയും നിശ്ചയിച്ചത് എന്തു മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | പഞ്ചായത്ത് തിരിച്ച് വീടിനും ഗുണഭോക്താക്കൾക്കും ക്വാട്ട നിശ്ചയിച്ചിട്ടില്ല. എന്നാൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ